# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*

(ഹാജർ.ഡോ.എ.കൗശിഗൻ ഐ.എ.എസ്.)

തീയതി 29-01-2020

എൽ.ആർ.എൻ1/01/2020

വിഷയം : റവന്യൂ വകുപ്പ് - ചെയിൻ സർവ്വെ പരിശീലനം 2020 ഫെബ്രുവരി- തിരുവനന്തപുരം, തൃശ്ശൂർ കേന്ദ്രങ്ങൾ-പരിശീലന പരിപാടിയിൽ നിന്ന് ഏതാനും ജീവനക്കാരെ ഒഴിവാക്കി നടപടിക്രമം പുനഃ ക്രമീകരിച്ച് ഉത്തരവാകുന്നു.

സൂചന :

1) ഈ കാര്യാലയത്തിലെ 20/01/2020 ലെ എൽ.ആർ.എൻ1/01/2020 നമ്പർ നടപടിക്രമം
2) കൊല്ലം ജില്ലാ കളക്ടറുടെ 28.01.2020 ലെ ഫോൺ സന്ദേശം
3) പത്തനംതിട്ട ജില്ലാ കളക്ടറുടെ 22/01/2020 ലെ ഫോൺ സന്ദേശം
4) ആലപ്പുഴ ജില്ലാ കളക്ടറുടെ 25/01/2020 ലെ ഫോൺ സന്ദേശം
5) കോട്ടയം ജില്ലാ കളക്ടറുടെ 24/01/2020 ലെ ഫോൺ സന്ദേശം
6) പാലക്കാട് ജില്ലാ കളക്ടറുടെ 24/01/2020 ലെ DCPKD/14/2019-A1 ഫോൺ സന്ദേശം
7) മലപ്പുറം ജില്ലാ കളക്ടറുടെ 27/01/2020 ലെ ഫോൺ സന്ദേശം
8) കോഴിക്കോട് ജില്ലാ കളക്ടറുടെ 22/01/2020 ലെ ഫോൺ സന്ദേശം
9) വയനാട് ജില്ലാ കളക്ടറുടെ 24/01/2020 ലെ എ3- 01/2020 നമ്പർ കത്ത്

സൂചന (1) നടപടിക്രമ പ്രകാരം തിരുവനന്തപുരം, തൃശ്ശൂർ കേന്ദ്രങ്ങളിൽ 01-02-2020 മുതൽ 29-02-2020 വരെ നടത്തുന്ന ചെയിൻ സർവ്വെ പരിശീലനത്തിനായി ജീവനക്കാരെ നിയോഗിച്ചുത്തരവായിരുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ നിന്ന് ഒഴിവാക്കുന്നതിനും പകരം ജീവനക്കാരെ നിയോഗിക്കുന്നതിനും സൂചന (2) മുതൽ (9) വരെയുള്ള റിപ്പോർട്ടുകൾ പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ശിപാർശകൾ സമർപ്പിച്ചിരുന്നു. ജില്ലാ കളക്ടർമാരുടെ ശിപാർശകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (1) പ്രകാരമുള്ള നടപടിക്രമത്തിലെ, തിരുവനന്തപുരം കേന്ദ്രത്തിലെ 6, 7, 13, 14, 28, 29 എന്നീ ക്രമ നമ്പരിൽപ്പെട്ട ജീവനക്കാരെയും തൃശ്ശൂർ പരിശീലന കേന്ദ്രത്തിലെ 9, 10, 13, 19, 25, 27 എന്നീ ക്രമ നമ്പരിൽപ്പെട്ട ജീവനക്കാരെയും ഒഴിവാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. മേൽ കേന്ദ്രങ്ങളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജില്ലാ കളക്ടർമാർ ശുപാർശ ചെയ്ത ജീവനക്കാരുടെ പേരുകൾ കൂട്ടിച്ചേർത്തും പരിശീലന പട്ടിക പരിഷ്കരിച്ചുത്തരവാകുന്നു.ടി കേന്ദ്രങ്ങളിൽ പകരം ജീവനക്കാരെ ഉൾപ്പെടുത്തികൊണ്ട് പരിശീലനാർത്ഥികളുടെ പട്ടിക താഴെ പറയും പ്രകാരം പരിഷ്ക്കരിച്ച് ഉത്തരവാകുന്നു.

**<u>തിരുവനന്തപുരം പരിശീലന കേന്ദ്രം</u>**

| ക്രമ നം | റിലിങ്കിഷ് ചെയ്തവർ/ഒഴിവാക്കപ്പെട്ടവർ | 20-01-2020 ലെ എൽ.ആർ. എൻ1/01/2020 നടപടിക്രമ ത്തിലെ ക്രമ.നം. | പകരം നിയോഗിക്കപ്പെട്ടവർ | ഉദ്യോഗപ്പേര് | ജില്ല |
|---|---|---|---|---|---|
| 1 | ജയചന്ദ്രൻ ബി | 6 | ഫൗസിയ എസ് | ക്ലർക്ക്/വി.എ | കൊല്ലം |
| 2 | സൗമ്യ പി | 7 | ദീപ്തി എസ് | ക്ലർക്ക്/വി.എ | പത്തനംതിട്ട |
| 3 | സലീന വി.എ | 13 | മനേഷ് കെ | ക്ലർക്ക്/വി.എ | ആലപ്പുഴ |
| 4 | അനുപമ സോമൻ | 14 | മായാദാസ് ബി | ക്ലർക്ക്/വി.എ | പാലക്കാട് |
| 5 | കൃഷ്ണൻ എ.പി. | 28 | ശരണ്യ ആർ | ക്ലർക്ക്/വി.എ | പാലക്കാട് |
| 6 | രചിത്ര കെ | 29 | ഭവ്യ എസ്. | ക്ലർക്ക്/വി.എ | പാലക്കാട് |

**<u>തൃശ്ശൂർ പരിശീലന കേന്ദ്രം</u>**

| ക്രമ നം | റിലിങ്ക്വിഷ് ചെയ്തവർ/ഒഴിവാക്കപ്പെട്ടവർ | 20-01-2020 ലെ എൽ.ആർ. എൻ1/01/2020 നടപടിക്രമത്തിലെ ക്രമ.നം. | പകരം നിയോഗിക്കപ്പെട്ടവർ | ഉദ്യോഗപ്പേര് | ജില്ല |
|---|---|---|---|---|---|
| 1 | മുഹമ്മദ് മൂസ കെ | 9 | സുമന പി.എസ്. | ക്ലർക്ക്/വി.എ | തൃശ്ശൂർ |
| 2 | റിംനാസ് | 10 | അഖിൽ എസ് | ക്ലർക്ക്/വി.എ | പാലക്കാട് |
| 3 | ജിജിൻ വി | 13 | നിഷ എൻ | ക്ലർക്ക്/വി.എ | പാലക്കാട് |
| 4 | രഞ്ജിത് ആർ | 19 | പ്രദീപ് കുമാർ | ക്ലർക്ക്/വി.എ | പാലക്കാട് |
| 5 | ബെൻസി ജോൺ | 25 | ശ്രീകല എൻ | ക്ലർക്ക്/വി.എ | മലപ്പുറം |
| 6 | ദിനേശൻ മറോളി | 27 | - ഇല്ല - | | |

തൃശ്ശൂർ പരിശീലന കേന്ദ്രത്തിൽ ക്രമ നമ്പർ (24)-ആയി നിയോഗിച്ചവരുടെ പേര് നീനു കെ.കെ., എന്ന് തിരുത്തി വായിക്കേണ്ടതാണ്

2020 ഫെബ്രുവരി മാസത്തിലെ ചെയിൻ സർവ്വെ പരിശീലനം താത്കാലികമായി പരിത്യജിച്ചവിവരം പ്രസ്തുത ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ/ ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്. പരിശീലനത്തിൽ പുതുതായി നിയോഗിച്ച ജീവനക്കാരെ **<u>03-02-2020 ന് രാവിലെ 10- മണിയ്ക്ക്</u>** സർവ്വെയും ഭൂരേഖയും വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം/ അസിസ്റ്റന്റ് ഡയറക്ടർ സർവ്വെ റേഞ്ച് ഓഫീസ്, തൃശ്ശൂർ, മുമ്പാകെ ഹാജരാകണമെന്നുള്ള നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ/ ജില്ലാ കളക്ടർ വിടുതൽ ചെയ്യേണ്ടതാണ്. ടി ജീവനക്കാർ ഇതിനു മുമ്പ് ചെയിൻ സർവ്വെ പരിശീലനം നേടിയിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**<u>പരിശീലനത്തിനായി നിയോഗിക്കപ്പെട്ട വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കണം.</u>**

മേൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരെ പരിശീലനത്തിനായി വിടുതൽ ചെയ്ത വിവരവും ഇവർ പരിശീലനത്തിന് ഹാജരായ വിവരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ കാര്യാലയത്തിൽ യഥാസമയം അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ജോയിന്റ് കമ്മീഷണർ

കക്ഷികൾക്ക്

(ജില്ലാ കളക്ടർ മുഖാന്തിരം)

പകർപ്പ്

1. ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം
2. ഡയറക്ടർ ഐ.എൽ.ഡി.എം, തിരുവനന്തപുരം
3. സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ, സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം.
4. അസിസ്റ്റന്റ് ഡയറക്ടർ സർവ്വെ റേഞ്ച് ഓഫീസ്, തൃശ്ശൂർ
5. ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക്
6. ഐ.ടി. സെൽ
7. കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്